പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1983 08.12.2014 -ൽ മറുപടിയ്ക്ക്

## മദ്യ കുപ്പികൾക്കുള്ള ഹോളോഗ്രാം നിർമ്മാണം

ചോദ്യം

ഡോ. ടി.എം.തോമസ് ഐസക്
ശ്രീ.പി.കെ.ഗുരുദാസൻ
,, കെ.വി.വിജയദാസ്
,, എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന മദ്യ കുപ്പികൾക്കുള്ള ഹോളോഗ്രാം നിർമ്മാണത്തിലെ സുരക്ഷാ ഘടകങ്ങൾ ഫലപ്രദമായിട്ടുള്ളതാണോ ; | (എ) യും (ബി) യും | ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം നടത്തുന്നതിനായി കെ.എസ്.ബി.സി സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ വൻസുരക്ഷാ ക്രമീകരണങ്ങളോടെ ഹോളോഗ്രാമിന്റെ പ്രിന്റിംഗ് നടത്തേണ്ടതിനു പകരം സി-ഡിറ്റ് ടി ലേബൽ നിർമ്മാണം ഈ രംഗത്ത് മുൻപരിചയമില്ലാത്ത ഒരു സ്വകാര്യ കമ്പനിക്ക് നൽകി കൊണ്ടു കരാറിൽ ഏർപ്പെട്ടതായും ടി സ്വകാര്യ കമ്പനി സി-ഡിറ്റിന് പുറത്ത് എറണാ |
| (ബി) | ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽ നിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ; സി -ഡിറ്റിനെ ഒഴിവാക്കിയതിനു ശേഷം സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ എക്സൈസ് വകുപ്പ് ടെണ്ടർ വിളിച്ചിട്ടുണ്ടോ; സി-ഡിറ്റിനുണ്ടായിരുന്ന കരാർ നീട്ടി നൽകാതിരുന്നത് എന്തു കൊണ്ടാണ് ; | | |

| | | | |
|---|---|---|---|
| | | | കുളത്തും തമിഴ് നാട്ടിൽ വാളയാർ ചെക്ക് പോസ്റ്റി നടുത്തും ടി ലേബലുകൾ നിർമ്മിച്ച വരുന്നതായി ശ്രദ്ധ യിൽപ്പെട്ടു. ഇതു സംബന്ധിച്ച് എക്സൈസ് വിജിലൻസ് അന്വേഷണം നടത്തിയതിൽ സി-ഡിറ്റ് 'പ്രോസസ്സ് കളർ' എന്ന സ്വകാര്യ സ്ഥാപന വുമായി സെക്യൂരിറ്റി ലേബ ലുകൾ പ്രിന്റ് ചെയ്ത നൽക ന്നതിന് കരാർ ഉണ്ടാക്കി യത്, സി-ഡിറ്റും കെ.എസ്. ബി.സി യും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തി യിരുന്നു. സി&എ.ജി യുടെ റിപ്പോർട്ട് പ്രകാരം എക്സൈസ് കമ്മീഷണറുടെ ഒപ്പോടു കൂടിയ സെക്യൂരിറ്റി ലേബലുകൾ കൈകാര്യം ചെയ്യുന്നത് ലൈസൻസിയായ കെ.എസ്.ബി.സി യാണ്. എക്സൈസ് വകപ്പിന് ടി ലേബലുകളുടെ നിയന്ത്രണം ഇല്ലാത്തതു കൊണ്ട് ശക്ത |

| | | | | |
|---|---|---|---|---|
| | | | | മായ സൂപ്പർ വിഷൻ ഈ കാര്യത്തിൽ നടക്കുന്നില്ലായെന്നും അതുകൊണ്ട് സർക്കാരിനു വേണ്ടി എക്സൈസ് വകുപ്പു തന്നെ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവഹിക്കണമെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും എക്സൈസ് വകുപ്പിന്റെ ശക്തമായ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതിലേക്കായി സർക്കാർ രൂപീകരിച്ച വിദഗ്ധ കമ്മിറ്റി സമർപ്പിച്ച ആർ.എഫ്.പി സർക്കാരിന്റെ പരിഗണനയിലാണ്.<br>ഹോളോഗ്രാം നിർമ്മാണത്തിലേക്കായി എക്സൈസ് വകുപ്പ് ഇതേവരെ ടെണ്ടർ |

| | | | |
|---|---|---|---|
| | | | വിളിച്ചിട്ടില്ല. കൂടാതെ ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽ നിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) | എക്സൈസ് വകുപ്പ്, സി-ഡിറ്റിനെ ഒഴിവാക്കി കർണ്ണാടകയിലെ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുമ്പോൾ, കർണ്ണാടക സർക്കാർ സി-ഡിറ്റിന്റെ സാങ്കേതിക വിദ്യ പഠിക്കാൻ സി ഡിറ്റിലെത്തിയ വിവരം എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഹോളോഗ്രാം സ്റ്റിക്കർ ഇപ്പോഴും സി-ഡിറ്റിൽ തന്നെയാണ് പ്രിന്റ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ